**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2459** **13-09-2023 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജിയിലെ ആഭ്യന്തര പരിശോധനാ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ലീഗൽ മെട്രോളജി വകുപ്പിൽ ആഭ്യന്തര പരിശോധനാ സംഘം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ആഭ്യന്തര പരിശോധനാ സംഘങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഒരു ആഭ്യന്തര പരിശോധനാ സംഘമാണ് നിലവിലുള്ളത്. |
| (ബി) | ഒന്നിൽ കൂടുതൽ ഓഫീസുകളുള്ള ജില്ലകളിൽ ഒന്നിൽ കൂടുതൽ ആഭ്യന്തര പരിശോധനാ സംഘങ്ങൾ രൂപീകരിക്കേണ്ടതാണെന്ന ധനകാര്യ വകുപ്പിന്റെ 19.09.2019-ലെ 79/2019/ധന നമ്പർ പരിപത്രത്തിലെ നിർദേശം പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ആഭ്യന്തര പരിശോധനാ വിംഗിന് 3 ക്ലാർക്ക് തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. അതിൽ ഒരു ക്ലാർക്ക് IT മാനേജരുടെ ഡ്യൂട്ടി നിർവ്വഹിക്കുന്നതിനാൽ രണ്ടു ക്ലാർക്ക്മാർ മാത്രമാണ് വിങ്ങിലുള്ളത്. ആയതിനാൽ നിലവിൽ ഒരു ടീം മാത്രമാണ് പ്രവർത്തിക്കുന്നത്. സമയ ബന്ധിതമായി ഓഡിറ്റ് പൂർത്തീകരിക്കുന്നതിനായി കൺട്രോളർ ഓഫീസിലെ മറ്റു സെക്ഷനുകളിൽ ജോലി ചെയ്യുന്ന ക്ലാർക്കുമാരുടെ സേവനം കൂടി ഉപയോഗപ്പെടുത്തി ഫിനാൻസ് ആഫീസറുടെ നേതൃത്വത്തിൽ ഒരു സീനിയർ സൂപ്രണ്ട് ഉൾപ്പെടെ ഒരു ജില്ലയിലെ വിവിധ ആഫീസുകളിൽ പരിശോധന നടത്തി വരുന്നു. അതിനാൽ ലീഗൽമെട്രോളജി വകുപ്പിൽ ഒന്നിൽക്കൂടുതൽ ആഭ്യന്തര പരിശോധനാ സംഘം രൂപീകരിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത നിർദേശം പാലിച്ചുകൊണ്ട് ഫിനാൻസ് ഓഫീസറുടെ കീഴിൽ ഒന്നിലധികം പരിശോധനാ സംഘങ്ങൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (സി) | ധനകാര്യ വകുപ്പിന്റെ 19.09.2019-ലെ 79/2019/ധന നമ്പർ പരിപത്രത്തിലെ നിർദേശം പാലിച്ചുകൊണ്ട് ഫിനാൻസ് ഓഫീസറുടെ കീഴിൽ ഒന്നിലധികം പരിശോധനാ സംഘങ്ങൾ രൂപീകരിക്കുന്നതിന് അധിക തസ്തികകൾ ആവശ്യമാണ്. അവ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ